# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1689** **21/1/2014** ൽ മറുപടിയ്ക്ക്

# കവുങ്ങ് കർഷകർക്കായി പ്രത്യേക ധനസഹായ പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കവുങ്ങ് കർഷകർ ഉള്ളത് ഏത് ജില്ല യി ലാണെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് ജില്ലയിൽ |
| (ബി) | ഈ വർഷത്തെ അതിവർഷം മൂലം മഹാളി രോഗം പിടിപെട്ട് എത്ര രൂപ യുടെ നഷ്ടം കാസർഗോഡ് ജില്ലയിലെ കർഷകർക്ക് ഉണ്ടായിട്ടു ണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) | എങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | (സി) കാസർഗോഡ് 10199 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിക്ക് മഹാളി രോഗം ബാധിച്ചതിനാൽ അടയ്ക്കയുടെ ഉല്പാദനത്തിലുണ്ടായ കുറവ് മൂലം 153 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ഡി) | നഷ്ടം സംഭവിച്ച് കടക്കെണിയിലായ കവുങ്ങ് കർഷകരെ സഹായിക്കുന്ന തിന് പ്രത്യേക ധനസഹായപാക്കേജ് അനുവദി ക്കുന്ന കാര്യം പരിഗണ നയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) ഇല്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും കവുങ്ങ് കർഷകർക്ക് ആശ്വാസമേകുന്നതിനുമായി 2013-14, 2014-15 വർഷങ്ങളിലേക്കായി 37.15 കോടി രൂപ അടങ്കൽ തുക വരുന്ന |

(പ്രതിവർഷം 18.575 ലക്ഷം വീതം) "അടയ്ക്കാ പാക്കേജ് പദ്ധതി" വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യമുള്ള കവുങ്ങ് മരങ്ങളുടെ വളപ്രയോഗവും പുനരുദ്ധാരണവും, രോഗം ബാധിച്ച് ഉല്പാദനക്ഷമത നശിച്ച കവുങ്ങുകൾ മുറിച്ച് മാറ്റി പുതിയ തൈകൾ നട്ട് പിടിപ്പിക്കൽ, മഹാളി, കൂമ്പ് ചീയൽ, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രതിരോധ മരുന്ന് തളി, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ ഘടകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**